"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്-പോലീസ് ജീവനക്കാര്യം-കൊച്ചി സിറ്റി പോലീസ് യൂണിറ്റിലെ ASI(G) 11049 ശ്രീ.ജ്യോതികുട്ടൻ ജെ.സി 'സൂപ്പർ സ്റ്റാർ' എന്ന പ്രോഗ്രാമിൽ ഗസ്റ്റ് സിങ്ങർ ആയി പങ്കെടുത്ത പ്രവൃത്തിക്ക് -സാധൂകരണം നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര(പി) വകുപ്പ്**

സ.ഉ.(സാധാ) നം.1513/2026/HOME തീയതി,തിരുവനന്തപുരം, 30-04-2026

---

പരാമർശം:-
1. സംസ്ഥാന പോലീസ് മേധാവിയുടെ 11/07/2025, 02/12/2025 തീയതികളിലെ എൻ2-132146/2025/PHQ നമ്പർ കത്തുകൾ
2. ശ്രീ.ജ്യോതികുട്ടൻ ജെ.സി 27/08/2025 തീയതിയായി സമർപ്പിച്ച സമർപ്പണം

**ഉത്തരവ്**

കൊച്ചി സിറ്റി പോലീസ് യൂണിറ്റിലെ ASI(G) 11049 ശ്രീ.ജ്യോതികുട്ടൻ ജെ.സി 'സൂപ്പർ സ്റ്റാർ' എന്ന പ്രോഗ്രാമിൽ ഗസ്റ്റ് സിങ്ങർ ആയി 04/08/2025, 06/08/2025 എന്നീ തീയതികളിൽ സർക്കാർ അനുമതി ലഭ്യമാകാതെ പങ്കെടുക്കുകയുണ്ടായി. പ്രസ്തുത പ്രവൃത്തിക്ക് സാധൂകരണം നൽകണമെന്നഭ്യർത്ഥിച്ച് ടിയാൻ പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിക്കുകയും, ആയത് സംസ്ഥാന പോലീസ് മേധാവി പരാമർശം (1) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുമുണ്ടായി.

*2)* സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023-ൽ അമൃത ടെലിവിഷൻ ചാനലിൽ 'പാടാം നേടാം എന്ന പരിപാടിയിൽ പങ്കെടുക്കുന്നതിന് സർക്കാർ അനുമതി ലഭിച്ചിരുന്നെന്നും, പരിപാടിയിൽ പങ്കെടുത്തവരെ ഉൾക്കൊള്ളിച്ചുകൊണ്ട് അമൃത ടെലിവിഷൻ ചാനൽ സൂപ്പർസ്റ്റാർ ജൂനിയർ എന്ന പരിപാടിയിൽ ഗസ്റ്റ് സിങ്ങർ ആയി 2025 ആഗസ്റ്റ് 4, 6 തീയതികളിൽ പങ്കെടുക്കുവാൻ ക്ഷണം ലഭിച്ചിരുന്നെന്നും, അതിൻപ്രകാരമാണ് സർക്കാർ അനുമതിക്കായി അപേക്ഷ സമർപ്പിച്ചിരുന്നതെന്നും അപേക്ഷകൻ പരാമർശിച്ചിട്ടുണ്ട്. ഇതിനു മുൻപ് നടന്ന പരിപാടിയിൽ പങ്കെടുക്കുന്നതിന് സർക്കാർ അനുമതി ലഭിച്ചിരുന്നതിനാൽ ഈ പരിപാടിക്കും അനുമതി ലഭിക്കും എന്ന വിശ്വാസത്തിലാണ് ടെലിവിഷൻ പരിപാടിയിൽ പങ്കെടുത്തതെന്നും അതുവഴി ഡിപ്പാർട്മെന്റിനെയോ സർക്കാരിനെയോ അപകീർത്തിപ്പെടുത്തുന്ന യാതൊരുവിധ പ്രവർത്തികളും തന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലായെന്നും, മേലിൽ ഇത്തരം പ്രവർത്തികൾ ഉണ്ടാകില്ലായെന്നും ടിയാൻ വ്യക്തമാക്കിയിട്ടുണ്ട്.

3) മേൽ സാഹചര്യത്തിൽ കൊച്ചി സിറ്റി പോലീസ് യൂണിറ്റിലെ ASI (G) 11049 ശ്രീ.ജ്യോതികുട്ടൻ ജെ.സി. 04/08/2025, 06/08/2025 തീയതികളിൽ സർക്കാർ അനുമതി കൂടാതെ 'സൂപ്പർ സ്റ്റാർ' എന്ന പ്രോഗ്രാമിൽ ഗസ്റ്റ് സിങ്ങർ ആയി പങ്കെടുത്ത പ്രവൃത്തിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANJU M

ഡെപ്യൂട്ടി സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) തിരുവനന്തപുരം
ശ്രീ.ജ്യോതിക്കുട്ടൻ ജെ.സി. (സംസ്ഥാന പോലീസ് മേധാവി മുഖേന)
വിവരപൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Sini George
Date: 02-05-2026 09:14:32

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്